# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 14/2020
# 05.03.2021 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. പ്രവർത്തന റിപ്പോർട്ട് 2020
4. സംസ്ഥാനസമ്മേളനം
5. മാർച്ച് 8 - വനിതാ ദിനം
6. കേരള സർവകലാശാല അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ്
7. മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. ഗീത നമ്പിയാർ എം. കെ.,, ഡോ. കെ. കെ. ദാമോദരൻ, ഡോ. രാജഷ്കുമാർ പി. ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ് കെ, സൗമ്യ എസ്, ഡോ. ഷജില ബീവി, ഡോ. സുനിത എ. പി., ഡോ. അലിക്കുട്ടി സി., ഡോ. ഷാനവാസ് പി. എച്ച്, ശശി സി. ടി., ഡോ. ബേബി ഷീബ, സജിത്ത് കുമാർ പി., സോബിൻ വർഗീസ് എം വി, രഘുദാസ് പി. വി., ഡോ. സഞ്ചയ്കുമാർ എസ്. എച്., ഡോ. ബാലസുബ്രഹ്മണ്യൻ വി, ഡോ. ജോജോമോൻ എൻ.എ., ഡോ. എം. എസ്. മുരളി, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. പ്രദീപ് കുമാർ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. സുമിജോയി ഒലിയപ്പുറം, ജയരാജ് ജെ., ഡോ. റിജുലാൽ ജി., ഡോ. രാജു. എം. സി.

വൈകുന്നേരം 7.00ന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ ആധ്യക്ഷം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. ഗീത നമ്പിയാർ എം. കെ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

കവിയും ഭാഷ ചിന്തകനും അധ്യാപകനും എ.കെ.ജി.സി.ടി അംഗവുമായിരുന്ന ശ്രീ. വിഷ്ണുനാരായണൻ നമ്പൂതിരി, സി.പി.ഐ.എം സംസ്ഥാന കമ്മിറ്റി അംഗവും നെടുവത്തൂർ മുൻ MLAയുമായ സ. ബി.രാഘവൻ, കേന്ദ്ര സർക്കാർ ജീവനക്കാരുടെ കോൺഫെഡറേഷന്റെയും എൻ.എഫ്.പി.ഇ യുടെയും മുൻ അഖിലേന്ത്യ ജനറൽ സെക്രട്ടറി എം.കൃഷ്ണൻ, സംഗീത സംവിധായകൻ ഐസക് തോമസ്കർഷകസമര ത്തിനിടയിൽ ജീവൻ നഷ്ടപെട്ട കർഷകർ, കോവിഡ് മഹാമാരിയിൽപ്പെട്ടു നമ്മെ വിട്ടുപോയ അനേകായിരങ്ങൾ, തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ, കഴിഞ്ഞ സംസ്ഥാന പ്രവർത്തകസമിതി യോഗം 18.02.2021ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്നു. അന്ന് 13-03-2021ന് തിരുവനന്തപുരത്ത് വച്ച് സംഘടനയുടെ അറുപത്തിമൂന്നാം സംസ്ഥാന

സമ്മേളനം നടത്തുവാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ അന്നേദിവസം സംസ്ഥാനത്ത് വലിയതോതിൽ പി. എസ്.സി.യുടെ പരീക്ഷ നടക്കുന്നതിനാൽ സമ്മേളനം നടത്താൻ സാധിക്കില്ല എന്ന് ബോധ്യപ്പെടുകയും, 23-02-2021ന് അവൈലബിൾ സംസ്ഥാനപ്രവർത്തകസമിതി യോഗം വിളിച്ചു ചേർക്കുകയും അതിൽ സംസ്ഥാന സമ്മേളനം 2021 മാർച്ച് 20ലേക്ക് മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു.

സമ്മേളന ഫണ്ട് സമാഹരിക്കുന്നതിന് ആവശ്യമായ രസീത് ബുക്ക് യൂണിറ്റുകളിലേക്കു അയച്ചിട്ടുണ്ട്. ഇത് യൂണിറ്റ് സെക്രട്ടറിമാർ കൈപറ്റി എത്രയുംവേഗം ഫണ്ട് പിരിവിനുള്ള കാര്യങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

ഫെബ്രുവരി 23 മുതൽ ഏഴാം ശമ്പളപരിഷ്കരണം അനുസരിച്ചുള്ള പേ സ്ലിപ് അധ്യാപകർക്ക് ലഭിച്ചു തുടങ്ങി. പുതിയ കോഴ്സുകൾ സംബന്ധിച്ച് പറയുമ്പോൾ 25-02-2021ന് ഇറങ്ങിയ ഉത്തരവിൽ സർക്കാർ കോളേജുകളിൽ 6 പുതിയതായി കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. നാളിതുവരെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 121 കോഴ്സുകൾ സർക്കാർ കോളേജുകളിൽ ലഭിച്ചിട്ടുണ്ട്. അതിൽ 40 യു.ജി., 78 പി.ജി., 3 എം.ഫിൽ കോഴ്സുകളുമാണ് ഉള്ളത്. പ്ലെയിസ്മെന്റ് സംബന്ധിച്ച് നാളിതുവരെ 2542 അദ്ധ്യാപകരുടെ ഉത്തരവിറങ്ങി. 03.03.2021ന് ഇറങ്ങിയ ഉത്തരവിൽ 107 അധ്യാപകർക്ക് അസ്സോസിയേറ്റ് പ്രൊഫസ്സർ പ്ലെയിസ്മെന്റ് നൽകി. അതിനു ശേഷം അജണ്ട തിരിച്ച് ചർച്ച നടന്നു. തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ഈ റിപ്പോർട്ടുകൾക്കുമേൽ വിശദമായ ചർച്ച നടന്നു. ചർച്ചയിൽ എല്ലാ പ്രവർത്തകസമിതി അംഗങ്ങളും സജീവമായി പങ്കെടുത്തു. ജനറൽ സെക്രട്ടറിയുടെ മറുപടിക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സംസ്ഥാന സമ്മേളന ഫണ്ട് മാർച്ച് 8, 9, 10 തീയതികളിൽ യൂണിറ്റുകളിൽ സ്ക്വാഡ് വർക്ക് നടത്തി പിരിച്ചെടുക്കാൻ തീരുമാനിച്ചു.
2. പതാകദിനം മാർച്ച് 10ന് ആചരിക്കും.
3. യാത്രയയപ്പ് സമ്മേളനം 2021 മാർച്ച് 27ന് എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് നടത്താൻ തീരുമാനിച്ചു.
4. കേരള സർവകലാശാല അക്കാദമിക് കൗൺസിൽ ഇലക്ഷൻ സംബന്ധിച്ചകാര്യങ്ങൾ കൂടിയാലോചിക്കുന്നതിനു വേണ്ടി സർവകലാ ശാല മേഖലയിലെ പ്രവർത്തക സമിതി അംഗങ്ങളുടെ യോഗം 7-03-2021ന് എ.കെ.ജി.സി.ടി. ഭവനിൽ വിളിച്ചു ചേർക്കാൻ തീരുമാനിച്ചു.
5. മാർച്ച് 8ന് വനിതാദിനപരിപാടികൾ എല്ലാ യൂണിറ്റുകളിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നടത്തുവാൻ തീരുമാനിച്ചു.
6. 2020 വർഷത്തെ പ്രവർത്തനറിപ്പോർട്ടിന് പ്രവർത്തകസമിതി അംഗീകാരം നൽകി.

യോഗം രാത്രി 8.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
05-03-2021

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി